*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

184th Issue - Volume 5, No. 18 ജാഗ്രത 13th May 2011

"അവൻ പറഞ്ഞു : ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യണം; പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്"

(ലൂക്കാ24:46-49)



Saint Matthias Apostle

## പ്രധാന വാർത്തകൾ

ദൈവാത്മാവിന്റെ സഹായത്തോടെ ദൈവവചനം വായിക്കുക: കെ.സി.ബി.സി.ബൈബിൾ കമ്മീഷൻ

---

കുരുന്നുകൾ ദൈവത്തിന്റെ പുഞ്ചിരി ലോകത്തിന് സമ്മാനിക്കുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്

---

സാഹിത്യവും സംസ്കാരവും വളർന്നത് സുവിശേഷവുമായി ബന്ധപ്പെട്ട്: ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

---

മദ്യവിമുക്ത കുടുംബം, കുടിൽരഹിത അതിരൂപതാ പദ്ധതികൾ നടപ്പാക്കും: മാർ ജോസഫ് പെരുന്തോട്ടം

---

മംഗലാപുരത്ത് കത്തോലിക്കാ സഹകരണ ബാങ്കിന്റെ ശതാബ്ധി

---

യുവജന ദിനത്തിൽ പങ്കെടുക്കാൻ മൂന്നു ലക്ഷത്തിൽപ്പരം യുവജനങ്ങൾ രജിസ്റ്റർചെയ്തു.

---

ക്രൈസ്തവർ സമൂഹത്തിലെ സ്നേഹസാന്നിധ്യം കേന്ദ്ര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ

---

പാരമ്പര്യത്തിലൂന്നിയ വളർച്ചയാണ് ആരാധനക്രമ ജീവിതത്തിനാവശ്യം: ബനഡിക്റ്റ് 16-ാം മൻ മാർപാപ്പ

---

നവസുവിശേഷവത്ക്കരണത്തെക്കുറിച്ച് വത്തിക്കാനിൽ സിനഡ്

---

## വാരാന്ത്യവീക്ഷണം

മതവിരുദ്ധക്കാരുടെ മസ്തിഷ്ക പ്രക്ഷാളനം

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

**ദൈവാത്മാവിന്റെ സഹായത്തോടെ ദൈവവചനം വായിക്കുക: കെ.സി.ബി.സി.ബൈബിൾ കമ്മീഷൻ**

---

ദൈവാത്മാവിന്റെ സഹായത്തോടെ ദൈവവചനം വായിക്കുമ്പോഴാണ് നമ്മിൽ ജീവൻ നിറയുന്നതും ക്രിസ്തു രൂപപ്പെടുന്നതും. ഇതിനുള്ള പരിശ്രമമാണ് നമ്മൾ നടത്തേണ്ടതെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർക്കുലറിൽ വ്യക്തമാക്കി.

മറിയം ഈശോയെ ഗർഭം ധരിച്ചത് ദൈവാത്മാവാലാണ് ഈ മനുഷ്യാവതാരത്തെക്കുറിച്ച് വി. യോഹന്നാൻ പറയുന്നത് വചനം മാംസം ധരിച്ചുവെന്നാണ്. ദൈവാത്മാവിന്റെയും ദൈവവചനത്തിന്റെയും പ്രവർത്തനം ഒരുമിച്ചു സംഭവിക്കുമ്പോഴാണ് ദൈവപുത്രൻ രൂപമെടുക്കുന്നത്.ബനഡിക്ട് പാപ്പാ പറയുന്നു: കന്യകാമറിയത്തിന്റെ ഉദരത്തിൽ വചനം മാംസമാകാൻ പ്രവർത്തിച്ച അതേ അരൂപിതന്നെയാണ് തന്റെ ദൗത്യത്തിൽ ഉടനീളം യേശുവിനെ നയിച്ചത്. തന്റെ ശിഷ്യന്മാർക്ക്യേശു വാഗ്ദാനം ചെയ്തതും ഈ അരൂപിയെത്തന്നെയാണ്. പ്രവാചകരിലൂടെ സംസാരിച്ച അതേ അരൂപിതന്നെയാണ് ദൈവവചനം പ്രഘോഷിക്കുകയെന്ന അവളുടെ ദൗത്യം നിർവഹിക്കാൻ തിരുസഭയ്ക്ക് പ്രചോദനം നൽകുന്നത്. അപ്പസ്തോലന്മാരുടെ സുവിശേഷപ്രചാരണത്തിൽ അവർക്കു പ്രചോദനമാകുന്നതും വിശുദ്ധ ലിഖിതങ്ങളുടെ രചനയിൽ ഗ്രന്ഥകാരന്മാർക്ക് പ്രചോദനമായിരുന്നതും ഈ അരൂപി തന്നെയാണ്(വെർബും ദോമിനി,15). സർക്കുലർ വ്യക്തമാക്കുന്നു.

ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ സഭാത്മകമായി ബൈബിളിനെ സമീപിക്കാൻ പരിശീലിക്കണം വെർബും ദോമിനി സശ്രദ്ധം വായിച്ചു ചർച്ച ചെയ്ത് അതിലെ ആശയങ്ങൾ ഉൾക്കൊള്ളാൻ പരിശ്രമിക്കണം .ബൈബിൾ ഞായറിനോടനുബന്ധിച്ച് ഇടവകാതലത്തിൽ ബൈബിൾ പ്രതിഷ്ഠ, ബൈബിൾ പ്രഭാഷണങ്ങൾ ,റാലി, അഖണ്ഡ ബൈബിൾ പാരായണം തുടങ്ങിയവ സംഘടിപ്പിക്കണം.

സഭാത്മകമായി ബൈബിൾ വായിച്ചു ധ്യാനിച്ചു വ്യാഖ്യാനിക്കുകയും പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന ശൈലിയിൽ ആഴപ്പെടാൻ ഈ ബൈബിൾ വാരവും ബൈബിൾ ഞായറും നമ്മെ സഹായിക്കട്ടെയെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലും വൈസ് ചെയർമാന്മാരായ ആർച്ചുബിഷപ് സൂസപാക്യം, ബിഷപ് തോമസ് മാർ അന്തോനിയോസ് എന്നിവരും ഓർമിപ്പിച്ചു.

**കുരുന്നുകൾ ദൈവത്തിന്റെ പുഞ്ചിരി ലോകത്തിന് സമ്മാനിക്കുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്**

---



ദൈവത്തിന്റെ പുഞ്ചിരി ലോകത്തിന് സമ്മാനിക്കുന്നവരാണ് കുരുന്നുകളെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. പാലാ രൂപത ആറാമത് എയ്ഞ്ചൽസ് മീറ്റിൽ വിശുദ്ധകുർബാനമധ്യേസന്ദേശം നൽകുകയായിരുന്നു ബിഷപ്. ദൈവരാജ്യത്തിൽ കുഞ്ഞുങ്ങൾക്ക് മഹത്തായ പങ്കുണ്ട്. കുഞ്ഞുങ്ങളുടെ സാന്നിധ്യംതന്നെ ദൈവത്തിന്റെ, ദൈവരാജ്യത്തിന്റെ അനുഭവമാണ് സമൂഹ ത്തിന് നൽകുന്നത്. വിശുദ്ധിയിൽ നിറഞ്ഞ അയ്യായിര ത്തോളം കുരുന്നുകൾക്ക് ആതിഥ്യമരുളുന്നതോടെ കത്തീഡ്രൽ, രൂപതയുടെ ഏറ്റവും വലിയ ആത്മീയ ആഘോഷത്തിന് വേദിയായി മാറി. ദിവ്യപൈതലിനെ മാതാപിതാക്കൾ ജറുസലേം ദേവാലയത്തിൽ സമർപ്പിച്ചതുപോലെ രൂപത ഒന്നാകെ ഈ അയ്യായിരം കുട്ടികളെ തിരുസന്നിധിയിൽ സമർപ്പിക്കുകയാണ്. ബിഷപ് പറഞ്ഞു. ലോകത്തിന്റെ വിവിധ സ്വരങ്ങൾക്കിടയിൽ സുവിശേഷത്തിന്റെ സ്വരം കേൾപ്പിക്കാൻ ദിവ്യകാരുണ്യസ്വീകരണത്തിലൂടെ കുരുന്നുകൾ ദൈവിക ശക്തിനേടിയിരിക്കുകയാണ്. ഇവർക്ക് കരുത്തേകാൻ സമൂഹത്തിനു കടമയുണ്ട്. സുവിശേഷത്തിന് നിത്യജീവനുണ്ട്. ജീവന്റെ വചനമാണ് സുവിശേഷം നൽകുന്നത്. സംഗമത്തിലെത്തിയവർക്ക് വിശുദ്ധ ഗ്രന്ഥം നൽകിയതോടെ ഈ നിത്യജീവന്റെ വചനമാണ് കൈമാറിയിരിക്കുന്നത്. ബിഷപ് പറഞ്ഞു.

**സാഹിത്യവും സംസ്കാരവും വളർന്നത് സുവിശേഷവുമായി ബന്ധപ്പെട്ട്: ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത**

---



സാഹിത്യവും സംസ്കാരവും വളർന്നുവന്നത് സുവിശേഷവുമായി ബന്ധപ്പെട്ടാണെന്നും ബത്തേരി രൂപതാധ്യക്ഷൻ ജോസഫ് മാർ തോമസ് പറഞ്ഞു.സോഫിയാ ബുക്സ്പ്രസിദ്ധീകരിച്ച കട്ടക്കയത്തിൽ കൊച്ചു ചാണ്ടിയച്ചന്റെ ചതുബാലായനചരിതം എന്ന പുസ്തകത്തിന്റെ പ്രകാശനം ശാലോം ഓഡിറ്റോറിയത്തിൽ നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ദൈവം നല്കിയ സമ്മാനമാണ് യേശുക്രിസ്തുവും സുവിശേഷവും. ബൈബിൾ വായിക്കുമ്പോൾ ഹൃദയവിശാലത സംഭവിക്കുന്നു. യേശുവിന്റെ സുവിശേഷത്തിന്റെ വിശാലതയാണ് ശാലോം. ഉത്ഥാനത്തിനുശേഷം യേശു ലോകത്തിന് ആദ്യമായി നല്കിയ വാഗ്ദാനവും ഇത് തന്നെയാണ്. ഹൃദയസന്തോഷത്തിന്റെ സന്ദേശമാണ് ശാലോം പങ്കുവയ്ക്കുന്നത്.ദൈവത്തിന്റെ ഏറ്റവും വലിയ കൃപയാണ് ശാലോം അദ്ദേഹം പറഞ്ഞു. പെരുവണ്ണാമൂഴി പോലുള്ള ഒരു കുഗ്രാമത്തിൽ നിന്ന് ശാലോമിന്റെ ശുശ്രൂഷകൾ ലോകമെങ്ങും വ്യാപിക്കുന്നത് ദൈവത്തിന്റെ അനന്തമായ കൃപയുടെ അടയാളമാണ്. യേശുവിന്റെ സ്നേഹവും നന്മയും ആർദ്രതയും സമാധാനവും അനേകരിലെത്തിക്കുന്നശുശ്രൂഷകളാണ് ശാലോം ചെയ്തുകൊണ്ടിരിക്കുന്നത്. വിജ്ഞാനത്തിന്റെയും വിശ്വാസത്തിന്റേതുമായ അനേകം വിളക്കുകൾ ഇരുളിൽ കൊളുത്തു

കയാണ് ശാലോം ശുശ്രൂഷകർ ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

**മദ്യവിമുക്ത കുടുംബം, കുടിൽരഹിത അതിരൂപതാ പദ്ധതികൾ നടപ്പാക്കും: മാർ ജോസഫ് പെരുന്തോട്ടം**



അതിരൂപതാ ശതോത്തര രജത ജൂബിലി സ്മാരകമായി മദ്യവിമുക്ത കുടുംബം,കുടിൽരഹിത അതിരൂപത തുടങ്ങിയ കർമപദ്ധതികൾ നടപ്പാക്കു മെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പത്രസമ്മേളന ത്തിൽ പറഞ്ഞു. കുടുംബ ജീവിതത്തിന്റെ ഭദ്രതയും പവിത്രതയും തകർക്കുന്ന മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ദുരുപ യോഗം ചൂതാട്ടം തുടങ്ങിയ വിപത്തുകൾക്കെതിരെ യും ഫലപ്രദമായ ബോധന പരിപാടി കൾ നടപ്പാക്കി കുടുംബങ്ങളിൽനിന്നും ഇത്തരം സാമൂഹ്യ വിപത്തുകൾ ഒഴിവാക്കുക എന്നതാണ് ലക്ഷ്യം. മദ്യവിപത്തിനെതിരെ സർക്കാരും സമൂഹവും ധാർമിക മനഃസാക്ഷിയോടെ പ്രവർത്തിച്ചാൽ ഈ തിന്മയെസമൂഹത്തിൽനിന്നും ഒഴിവാക്കാനാ കുമെന്നും മാർ പെരുന്തോട്ടം കൂട്ടിച്ചർത്തു. അതിരൂപതയിലെ മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാകത്തക്ക വിധമാണ് കുടിൽരഹിത പദ്ധതി നടപ്പാക്കുന്നത്. ഒരു ഇടവകയിൽ ഒരു ഭവനം എന്ന കണക്കിൽ 125 ഭവനങ്ങൾ ജൂബിലി വർഷത്തിൽ നിർമിച്ചു നൽകും. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള സമർഥരായ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി കളർ എ ഡ്രീം സ്കോളർഷിപ്പ്, നിർധന യുവതികൾക്ക് വിവാഹസഹായം, സൗജന്യ ചികിത്സാ സഹായം എന്നീ പദ്ധതികളും ജൂബിലി വർഷത്തിൽ നടപ്പാക്കും.

**മംഗലാപുരത്ത് കത്തോലിക്കാ സഹകരണ ബാങ്കിന്റെ ശതാബ്ധി**

മംഗലാപുരത്തെ കത്തോലിക്കാ സഹകരണ ബാങ്ക് ശതാബ്ധി ആഘോഷിക്കുന്നു. ആഘോഷ ത്തിന്റെ ഭാഗമായി പാവപ്പെട്ട ക്രൈസ്തവർക്കാ യുള്ള ലോണുകൾ ആസൂത്രണം ചെയ്തതായി ബാങ്ക് അധികൃതർ വിശദീകരിച്ചു.

മാംഗ്ലൂർ കത്തോലിക്ക് കോ ഓപ്പറേറ്റീവ് ബാങ്ക് (M C C B) ഓവൺ എ കാർ(Own a car ) എന്ന പദ്ധതി വഴി ക്രൈസ്തവരായ ഡ്രൈവർമാർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ നല്കി കാർ വാങ്ങാൻ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു. കാറിന്റെ വിലയുടെ 20% ഓരോ ഡ്രൈവറും കണ്ടെ ത്തണം. ബാക്കി തുക വായ്പയായി ബാങ്ക് നല്കും. അതു ഗഡുക്കളായി തിരിച്ചടക്കണം. കേവലം 2% പലിശ മാത്രമേ വായ്പക്ക് ഈടാക്കുകയുള്ളു എന്ന താണ് ഈ പദ്ധതിയുടെ പ്രത്യേകത; ബാങ്കിന്റെ വൈസ്പ്രസിഡന്റ് ശ്രി. എഡ്വേർഡ് നസ്രത്ത് ശതാബ്ധി ആഘോഷത്തിന്റെ ആരംഭം കുറിക്കുന്ന വേളയിൽ വ്യക്തമാക്കിയതാണ് ഇക്കാര്യം.

1912 ൽ എഴുപത്തിയാറ് ക്രൈസ്തവർ ഷെയർ എടുത്ത് ആരംഭിച്ച ബാങ്കിന് ഇപ്പോൾ പതി നാറു ബ്രാഞ്ചുകളാണ് രണ്ടു ജില്ലകളിലായി ഉള്ളത്. 170 കോടിയാണ് ഇപ്പോൾ ബാങ്കിന്റെ ആസ്ഥി. 70% ബിസിനസും ക്രൈസ്തവരാണ് ഈ സഹകരണബാ ങ്കുമായി നടത്തുന്നത്.

**യുവജന ദിനത്തിൽ പങ്കെടുക്കാൻ മൂന്നു ലക്ഷ ത്തിൽപ്പരം യുവജനങ്ങൾ രജിസ്റ്റർചെയ്തു.**

മൂന്നു ലക്ഷത്തിനാല്പതിനായിരം യുവജന ങ്ങൾ ഇപ്പോൾത്തന്നെ സ്പെയിനിലെ മാഡ്രിഡിൽ നടക്കുന്ന ലോക യുവജനദിനത്തിൽ പങ്കുചേരാൻ രജിസ്റ്റർ ചെയ്തതായി സംഘാടകർ അറിയിച്ചു. 170 രാജ്യങ്ങളിൽ നിന്നാണ് ഇത്രയും യുവജനങ്ങൾ മാഡ്രിഡിലേക്ക് ഒഴുകി എത്തുന്നത്

ഓഗസ്റ്റ്16 മുതൽ21 വരെ നടക്കുന്ന ആചര ണത്തിൽ ബനഡിക്റ്റ് 16-ാം മൻ മാർപ്പാപ്പ നേതൃത്വം നല്കും. 21-ാം തീയതി പരിശുദ്ധ പിതാവ് വി. കുർബാന അർപ്പിക്കും .തലേന്നു നടക്കുന്ന ജാഗ രണ പ്രാർത്ഥനക്കും മാർപ്പാപ്പ നേതൃത്വം നല്കും.

**ക്രൈസ്തവർ സമൂഹത്തിലെ സ്നേഹസാന്നിധ്യം കേന്ദ്ര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ**

എല്ലാ വിഭാഗീയതകൾക്കും അതീതമായി മനുഷ്യനെ സ്നേഹിക്കാൻ പഠിപ്പിച്ചുകൊണ്ട് സമൂ ഹത്തിലെ സ്നേഹസാന്നിധ്യമാകാൻ ക്രൈസ്ത വർക്കുകഴിഞ്ഞു എന്നതാണ് അവരുടെ ഏറ്റവും വലിയ സംഭാവനയെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. താമരശേരി രൂപത രജതജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറി ച്ചുകൊണ്ട് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം തങ്ങൾക്കുനേരെ ആക്രമണമുണ്ടായപ്പോൾ പോലും ക്ഷമയോടും സഹിഷ്ണുതയോടും കൂടി അവ സഹിച്ച് സമൂഹത്തിനു മാതൃക കാട്ടാൻ കഴിഞ്ഞത്.

ഇന്ത്യയുടെ ചരിത്രത്തിൽ ഒരിക്കൽപോലും വർഗ്ഗീയ സംഘട്ടനങ്ങളിൽ ഒരു ക്രൈസ്തവനും പ്രതിയായിരുന്നിട്ടില്ല. കേരളത്തിൽ സമുദായ സൗഹാർദ്ദവും മതേതരത്വവും ശക്തിപ്പെടുത്തുന്ന തിൽ സഭയുടെ സംഭാവന പ്രശംസനീയമാണ്. ക്രൈസ്തവ മതം ഇന്ത്യൻ ദേശീയതയുടെ ഭാഗമാ ണ്. അതൊരു വിദേശ മതമല്ല. ഭാരതത്തിലെത്തിയ ക്രൈസ്തവ മിഷനറിമാർ മതപ്രചാരകർ മാത്രമാ യിരുന്നില്ല. ഭാഷയ്ക്കും സംസ്കാരത്തിനും അവർ നല്കിയ സംഭാവനകൾ സാമൂഹ്യ പുരോഗതിയുടെ അടിത്തറ പാകി.

വളരെ ചെറിയ ന്യൂനപക്ഷമായ ക്രിസ്ത്യാ നികൾ വിദ്യാഭ്യാസ ആതുരസേവന ജീവകാരുണ്യ രംഗങ്ങളിൽ മറ്റൊരു മതത്തിനും നല്കാൻ കഴി യാത്ത സംഭാവനകളാണ് രാജ്യത്തിന് നല്കിക്കൊ ണ്ടിരിക്കുന്നത്. ക്രിസ്തീയത മാനവികതയാണ് എന്ന

ദർശനം അന്വർത്ഥമാക്കുന്ന പ്രവർത്തനമാണ് ക്രൈസ്തവർ നടത്തുന്നത്. കീഴ്ജാതിക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് അവർക്കും മേലാളന്മാർക്കും ഒപ്പം പഠിക്കാൻ സൗകര്യമൊരുക്കിയത് ക്രിസ്ത്യാനികളാണ് എന്നത് ഇതിന് ഉദാഹരണമാണ്. ഹെർമ്മൻ ഗുണ്ടർട്ട് അടക്കമുള്ള മിഷനറിമാർ മലയാള ഭാഷയ്ക്ക് നല്കിയ സംഭാവനകൾ ഭാഷാചരിത്രമറിയുന്നവർ ആദരവോടെയാണ് ഓർക്കുന്നത് ; അദ്ദേഹം പറഞ്ഞു. മലബാറിന്റെ വികസന നായകൻ തലശേരി അതിരൂപതാധ്യക്ഷനായിരുന്ന വള്ളോപ്പിള്ളി തിരുമേനിയാണ്. മലബാറിൽ കാർഷിക മിന്നേറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് സാമൂഹ്യ വികസനത്തിന് അടിത്തറ പാകാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ക്രൈസ്തവർക്ക് കഴിഞ്ഞു. നമ്മുടെ നാട്ടിൽ മതേതരത്വം ശക്തിപ്പെടുത്തുന്നതിലും വികസന മുന്നേറ്റങ്ങൾക്ക് നേതൃത്വം നല്കുന്നതിലും ഇനിയും ഗണ്യമായ സംഭാവനകൾ നല്കാൻ കഴിയുന്ന സഭയെ പ്രതീക്ഷയോടെയാണ് രാജ്യം ഉറ്റുനോക്കുന്നതെന്ന് മുല്ലപ്പള്ളി പറഞ്ഞു. ഇതൊക്കെയാണെങ്കിലും നാടിന്റെ പുരോഗതിയിൽ ക്രൈസ്തവർ നല്കിയ സംഭാവനകൾക്ക് അർഹമായ പരിഗണന കിട്ടിയിട്ടില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തലശേരി അതിരൂപതാധ്യക്ഷൻ മാർ ജോർജ് വലിയമറ്റം അധ്യക്ഷനായിരുന്നു. വെല്ലുവിളികൾക്കും ഭീഷണികൾക്കും മുമ്പിൽ അടിപതറാതെ മുന്നേറാൻ വിശ്വാസികൾക്ക് കഴിഞ്ഞത് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ ബലത്തിലാണ്. ഈ വിശ്വാസത്തെ മുറുകെ പിടിക്കുന്നിടത്തോളം കാലം സഭയെ തകർക്കാൻ ആർക്കും കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു

## പാരമ്പര്യത്തിലൂന്നിയ വളർച്ചയാണ് ആരാധനക്രമ ജീവിതത്തിനാവശ്യം: ബനഡിക്റ്റ് 16-ാ മൻ മാർപാപ്പ

പാരമ്പര്യവും വളർച്ചയും കത്തോലിക്കാ ജീവിതത്തിലും ദൈവാരാധനയിലും പരസ്പര പൂരകങ്ങളാണെന്നും അല്ലാതെ പരസ്പര വിരുദ്ധമല്ലെന്നും ബനഡിക്റ്റ് 16-ാ മൻ മാർപാപ്പ പറഞ്ഞു. പൊന്തിഫിക്കൽ ലിറ്റർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണജൂബിലി ആചരണത്തോടനുബന്ധിച്ചു നടന്ന ഇന്റെർനാഷ്ണൽ ലിറ്റർജിക്കൽ കോൺഫ്രൻസിനു നല്കിയ സന്ദേശത്തിലാണ് പരിശുദ്ധ പിതാവ് ഇക്കാര്യം വ്യക്തമായി പഠിപ്പിച്ചത്.

"അസാധാരണമല്ലാത്തവിധവും മോശമായ വിധത്തിലും പാരമ്പര്യവും വളർച്ചയും എതിർത്തു നില കൊണ്ടിട്ടുണ്ട്". പൊന്തിഫിക്കൽ കൗൺസിലിന്റെ അഭിമുഖ്യത്തിൽ നടക്കുന്ന ഒമ്പതാമത് ഇന്റെർ നാഷ്ണൽ കോൺഫ്രൻസിൽ പറഞ്ഞു. "യഥാർത്ഥത്തിൽ ഈ രണ്ടു തത്വങ്ങളും പരസ്പരം ഇടകലർന്നു നില്ക്കുന്നു.;വളർച്ചയുടെയും വികസനത്തിന്റെയും തത്വങ്ങൾ ഉൾക്കൊള്ളുന്നതാണ് പാരമ്പര്യം എന്ന ജീവിക്കുന്ന യാഥാർത്ഥ്യം" അദ്ദേഹം വിശദമാക്കി. യഥാർത്ഥത്തിലുള്ള ആരാധനക്രമത്തിലുള്ള വളർച്ച സഭയുടെ പാരമ്പര്യത്തിൽ പണിതുയർത്തിയതാകണം അല്ലാതെ അവയെ അവഗണിച്ചുകൊണ്ടാകരുത്. അരോഗമായ പാരമ്പര്യവും നിയമാനുസൃതമായ വളർച്ചയും തമ്മിലുള്ള ക്രമപ്രകാരവും നിരന്തരവമായ ബന്ധത്തിലാണ് ആരാധനക്രമം ജീവിക്കുന്നത്.

## നവസുവിശേഷവത്ക്കരണത്തെക്കുറിച്ച് വത്തിക്കാനിൽ സിനഡ്

സാർവത്രിക സഭ നവസുവിശേഷവത്ക്കരണത്തെക്കുറിച്ചുള്ള സിനഡിന് ഒരുങ്ങുന്നു. 2012 ഒക്ടോബർ ഏഴുമുതൽ 28 വരെയാണ് കത്തോലിക്കാ സഭയുടെ സാധാരണ സിനഡ് റോമിലെ വത്തിക്കാനിൽ നടക്കുന്നത്. "ക്രൈസ്തവ വിശ്വാസം പകർന്നു നൽകുന്നതിന് നവസുവിശേഷവത്ക്കരണം" ഇതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന്റെ മാർഗ്ഗരേഖ 2011 മാർച്ച് നാലിന് മെത്രാന്മാരുടെ സിനഡിനുള്ള കാര്യാലയം പ്രസിദ്ധീകരിച്ചിരുന്നു. ആമുഖവും ഉപസംഹാരവും അടക്കമുള്ള മാർഗരേഖയിൽ ആധുനിക ലോകത്തിൽ സഭ അടിയന്തിരമായി നടത്തേണ്ട നവസുവിശേഷവത്ക്കരണത്തിന്റെ ആവശ്യകതയെ ക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. സിനഡിനുള്ള മാർഗരേഖയിൽ 71 ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും പ്രതികരണങ്ങളും 2011 നവംബർ ഒന്നിനു മുമ്പായി സിനഡിനുള്ള കാര്യാലയത്തിൽ പ്രാദേശിക സഭകളും വ്യക്തിഗതസഭകളും സമർപ്പിക്കണം. ഈ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചാണ് 2012 ലെ സിനഡിനുള്ള പ്രവർത്തനരേഖ തയ്യാറാക്കുന്നത്. ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവരുടെ വിശ്വാസം ആഴപ്പെടുത്താനും പുനർജ്ജീവിപ്പിക്കുവാനുമായി സഭ അടുത്തകാലത്ത് ഏറെ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. 2010 ജൂൺ 28 ന് നവസുവിശേഷവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി പൊന്തിഫിക്കൽ കൗൺസിൽ സ്ഥാപിക്കുമെന്ന് മാർപാപ്പ പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് 2010 സെപ്തംബർ 21 ന് നവസുവിശേഷവത്ക്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിൽ സ്ഥാപിക്കുകയും ഇറ്റലിക്കാരനായ ആർച്ചുബിഷപ് സാൽവത്തോരെ ഫിസക്കല്ലയെ കൗൺസിലിന്റെ അധ്യക്ഷനായി നിയമിക്കുകയും ചെയ്തു.

രണ്ടാം വത്തിക്കാൻകൗൺസിലിനു ശേഷം 2008 വരെ പന്ത്രണ്ട് സാർവത്രിക സിനഡുകളാണ് സഭയിൽ നടന്നിട്ടുള്ളത്. മഹാജൂബിലിയോടനുബന്ധിച്ച് എല്ലാ ഭൂഖണ്ഡങ്ങളും കേന്ദ്രീകരിച്ച് സിനഡുകൾ നടത്തിയിരുന്നു.

## വാരാന്ത്യവീക്ഷണം

### മതവിരുദ്ധക്കാരുടെ മസ്തിഷ്ക പ്രഷാളനം

---

വിദ്യാഭ്യാസരംഗം തങ്ങളുടെ മതവിരുദ്ധ നിലപാടുകൾ പ്രയോഗത്തിൽ വരുത്താനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായിട്ടാണ് ഇവിടെ ചിലർ കാണുന്നത്. വിദ്യാഭ്യാസ രംഗത്തെ എല്ലാ ഇടങ്ങളും ആസൂത്രിതവും വ്യാപകവുമായി ഇക്കാര്യത്തിനായി അവർ ഉപയോഗിക്കുന്നു. ഭരണത്തിലാണെങ്കിലും അല്ലെങ്കിലും തങ്ങളുടെ വിവിധ സംഘടനകളും സ്വാധീനവും വഴി മതവിരുദ്ധത വിദ്യാർത്ഥികളിൽ അടിച്ചേല്പിക്കാൻ ഇവർ ജാഗ്രത കാട്ടുന്നു. ഇപ്പോൾ പുതിയ പാഠപുസ്തകങ്ങൾ ഇറങ്ങിക്കൊണ്ടിരിക്കുന്ന കാലമാണ്. ഈ പുസ്തകങ്ങളിലും ആസൂത്രിതമായി മതവിരുദ്ധത വിദ്യാർത്ഥികളിൽ കുത്തിവയ്ക്കാനുള്ള ശ്രമം കാണാം.

മൂന്നു വർഷങ്ങൾക്കു മുമ്പ് 'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗം വിവാദവിഷയമായതോർക്കുന്നു. അതുപരിഷ്ക്കരിക്കാനും തിരുത്താനും സർക്കാർ തയ്യാറായി. എന്നാൽ അദ്ധ്യാപക പരിശീലനരംഗം ഈ പ്രത്യയശാസ്ത്രക്കാർ കൈയടക്കി. മതവിശ്വാസത്തെയും നേതൃത്വത്തെയും അപമാനിക്കുന്ന സി.ഡി.കളും മറ്റും ഉപയോഗിച്ചു നടത്തിയ പരിശീലനപരിപാടികളും ഒപ്പം ക്ലാസുമായി കടന്നുവരുന്നവരുടെ മതസാമൂഹ്യ നിലപാടുകൾ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങളും ശ്രദ്ധയിൽപ്പെട്ടു. അതിനെതിരേയും പ്രതികരണങ്ങളുണ്ടായി.

ചോദ്യപേപ്പറുകളിലൂടെ മതവിരുദ്ധത പ്രചരിപ്പിക്കാനുള്ള ശ്രമമാണ് പിന്നീടുകണ്ടത്. മതവിശ്വാസികളിൽ ചിലരുടെ അപചയങ്ങൾ മതത്തിന്റെ അപചയമായി ചിത്രീകരിക്കുകയും അതുപർവ്വതീകരിക്കുകയും കുട്ടികളുടെ മനസ്സിൽ മതവിരുദ്ധ ചിന്തകളും കാഴ്ചപ്പാടുകളും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്ന ചോദ്യങ്ങൾ പല ചോദ്യപേപ്പറുകളിലും കടന്നുവന്നു. അതും ആസൂത്രിതമായിരുന്നുവെന്നു കാണാം. ചില കൈപുസ്തകങ്ങളും ഈ ഒരു പ്രത്യയശാസ്ത്രത്തിന്റെ നിലപാടിൽ രൂപപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്.

മതവിശ്വാസികളുടെ അപചയങ്ങളെയും വീഴ്ചകളെയും പർവ്വതീകരിക്കുക; അത് മതവിശ്വാസത്തിന്റെ പ്രശ്നമായി ചിത്രീകരിക്കുക, ഇതുപോലെ മതവിരുദ്ധത മാത്രം വളർത്തുന്ന ചരിത്രഭാഗങ്ങൾ തിരഞ്ഞെടുത്തു പഠിപ്പിക്കുകയും മതത്തിന്റെ നന്മകൾ തമസ്കരിക്കുകയും ചെയ്യുക, ചരിത്രവ്യാഖ്യാനങ്ങൾ മതവിരുദ്ധതയോടെയും വർഗ്ഗസമരസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തുകയും ചെയ്യുക എന്നിവയാണ് ഇപ്പോൾ പാഠപുസ്തകങ്ങളിൽ കാണാൻ കഴിയുന്നത്. ഈ നീക്കങ്ങൾ ആസൂത്രിതമായി എതിർക്കപ്പെട്ടിട്ടില്ലെങ്കിൽ മതവിരുദ്ധമായി മസ്തിഷ്ക പ്രഷാളനം ചെയ്യപ്പെട്ട ഒരു പുതിയ തലമുറയാകും ഇവിടെ ഉണ്ടാകുക.

**"Jagratha News"** – An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA